**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.295 — 04.06.2018 ൽ മറുപടിക്ക്

## ആർദ്രം പദ്ധതിയിലൂടെ ആരോഗ്യ മേഖലയിൽ സമഗ്ര പരിഷ്കരണം

| ചോദ്യം<br>ശ്രീ.പുരുഷൻ കടലുണ്ടി | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | 2018-19 വർഷത്തിൽ കോഴിക്കോട് ജില്ലയിൽ പുതുതായി ഏതൊക്കെ പി.എച്ച്.സി. കളാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നത് എന്നറിയിക്കാമോ; | (എ) | 2018-19 സാമ്പത്തിക വർഷം കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്ന സ്ഥാപനങ്ങളുടെ കരട് ലിസ്റ്റിൽ അന്തിമ തീരുമാനമായിട്ടില്ല. |
| (ബി) | ആർദ്രം പദ്ധതിയിലൂടെ ആരോഗ്യ മേഖലയിൽ സമഗ്ര പരിഷ്കരണം കൊണ്ടു വരുമ്പോൾ കമ്യൂണിറ്റി ഹെൽത്ത് സെന്ററിന് വേണ്ടത്ര പരിഗണന ലഭിക്കാതെ പോയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | 2018-19 സാമ്പത്തിക വർഷത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്ന സ്ഥാപനങ്ങളുടെ കരട് ലിസ്റ്റിൽ ബ്ലോക്ക് തല സാമൂഹികാരോഗ്യ കേന്ദ്രങ്ങളല്ലാത്ത സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ഉൾപ്പെടുത്തുന്ന വിഷയം പരിശോധിച്ചു വരുന്നു. |
| (സി) | 2017-18 വർഷത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പ്രഖ്യാപിച്ച എത്ര പി.എച്ച്.സി.കൾ ഇപ്പോൾ ആർദ്രം മിഷൻ നിഷ്കർഷിച്ച രീതിയിൽ പ്രവർത്തിക്കുന്നു എന്നത് പരിശോധിച്ചിട്ടുണ്ടോ; ഇവിടെ വൈകുന്നേരം 6 മണി വരെ ചികിത്സ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ? | (സി) | ഉണ്ട്. 2017-18 വർഷത്തിൽ കോഴിക്കോട് ജില്ലയിൽ 13 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയത്. അതിൽ 5 എണ്ണം ഉദ്ഘാടനം കഴിഞ്ഞ് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഇവിടെ വൈകുന്നേരം 6 മണി വരെ ചികിത്സ ലഭിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളതിൽ 6 എണ്ണം പ്രവർത്തന സജ്ജമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ